## Friendly PSC

# PSC മലയാളം

## മുൻകാല ചോദ്യങ്ങളിലൂടെ PSC മലയാളം പഠിക്കാം

**LDC ,12TH LEVEL ,DEGREE LEVEL MALAYALAM SPECIAL**

- 2022 ലെ PSC ചോദ്യങ്ങളടക്കം ആയിരത്തിലധികം ചോദ്യവും വിശദീകരണവും.
- ഓർത്തുവയ്ക്കാൻ കോഡുകൾ.
- +2, Degree Prelims & Mains, 10th Mains Solved Papers

KAS, LDC, LD TYPIST, CIVIL EXCISE OFFICER, POLICE CONSTABLE, BEAT FOREST OFFICER, FIREMAN, PRELIMINARY EXAMS, TRANSLATOR,VEO,LP/UP/HIGH SCHOOL TEACHER, DEVASWOM BOARD ETC..

# മുൻകാല ചോദ്യങ്ങളിലൂടെ PSC മലയാളം പഠിക്കാം

Prepared By –

**Arya G., MA (Malayalam pursuing), M.Sc., B.Ed., KTET**
**(Ex-employee REPCO)**

Editors –

**Omana A. (Rtd. HSA Malayalam)**
**Gangadharan S. & P. T. Padma**
**(Rtd. Head Master & Rtd. Teacher)**
**Sukhalal R. (Rtd. Tahsildar)**
**Sujatha C.B. (Rtd. Secretary, Co-op. Bank)**

Layout -
**Orange Printers Private Limited**

**1st Edition - 2022**

Cover Design -
**Vipin Raj**

Printing -
**Sterling Print House**

Marketing & Distribution-
**Mahad, Thodupuzha**

Special Thanks –
**Nidheesh C.V. (Easy PSC),**
**Pathravarthakal Telegram Channel**

Published by -
**Arya G. (Friendly PSC)**

പ്രിയ ഉദ്യോഗാർത്ഥികളേ......

മത്സരപരീക്ഷകൾക്കു തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്കു മാനസിക സംഘർഷം ലഘൂകരിച്ചുകൊണ്ടു; രസകരമായ രീതിയിൽ വസ്തുതകൾ മനസ്സിലാക്കി അവ ഓർമ്മയിൽ നിലനിർത്തി അവരുടെ ജോലി എന്ന സ്വപ്നം സാക്ഷാൽക്കരിക്കാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണു **'Friendly PSC'** എന്ന യൂടൂബ് ചാനൽ ആരംഭിച്ചത്. മലയാളം എന്ന വിഷയത്തെ ഏറ്റവും ലളിതമായി അവതരിപ്പിക്കുവാൻ ക്ലാസ്സിലൂടെ ശ്രമിച്ചിട്ടുണ്ട്. ക്ലാസ്സുകൾക്കു നിങ്ങൾ തന്ന സ്നേഹംനിറഞ്ഞ പിന്തുണക്കു നന്ദി അറിയിക്കുന്നു.

കേരളാ PSCയുടെ മുൻകാല മലയാള ചോദ്യങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ '**മുൻകാല ചോദ്യങ്ങളിലൂടെ PSC മലയാളം പഠിക്കാം**' എന്ന നമ്മുടെ ബുക്കിൽ ഉത്തരങ്ങളുടെയും, പ്രധാന ഓപ്ഷനുകളുടെയും വ്യക്തമായ വിശദീകരണം ഉൾപ്പെടുത്തിയിട്ടുണ്ട്. ക്ലാസ്സുകൾ കണ്ടു പഠിച്ച ശേഷം മുൻകാല ചോദ്യങ്ങൾ ചെയ്തു നോക്കുന്നതാണ് നിങ്ങൾക്ക് കൂടുതൽ പ്രയോജനം. ക്ലാസ്സുകൾക്കു നിങ്ങൾ തന്ന പിന്തുണ ബുക്കിനും ലഭിക്കും എന്ന പ്രതീക്ഷയോടെ.....

**ARYA G.**
**Friendly PSC**

Memory കോഡുകൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ഈ ബുക്കിന്റെ വീഡിയോ ക്ലാസ്സുകൾ വേണ്ടവർ 8921519536 എന്ന നമ്പറിൽ WhatsApp ചെയ്യുക.

## QP SET : 1 ഓഫീസ് സൂപ്രണ്ടന്റ് (SR for SC/ST) (+2 LEVEL MAIN EXAM) തീയതി : 21-02-2022

1. ശരിയായ രൂപം തെരഞ്ഞെടുക്കുക :
a. സാമ്രാട്ട്
b. സമ്രാട്ട്
c. സാമൃട്ട്
d. സാമ്രാഡ്

2. ചുവടെ കൊടുത്തിരിക്കുന്നതിൽ 'കൊന്നപ്പൂവ്' എന്ന് അർത്ഥം വരുന്ന പദം ഏത് ?
a. നവമാലികം
b. നീലോൽപലം
c. അരവിന്ദം
d. കർണികാരം

3. ദ്വന്ദ്വസമാസത്തിൽ ഉൾപ്പെടാത്ത പദം ഏത് ?
a. കൈകാലുകൾ
b. ആഹാരാദികൾ
c. സുഖദുഃഖങ്ങൾ
d. മാതാപിതാക്കൾ

4. ചുവടെ കൊടുത്തിരിക്കുന്നതിൽ ശരിയായ വാക്യം തെരഞ്ഞെടുക്കുക :
i) ദിനം പ്രതി യശസ്സു വർദ്ധിച്ചു വരുന്നു
ii) ദിനം പ്രതി എന്നുമെന്നും യശസ്സു വർദ്ധിച്ചു വരുന്നു
iii) ദിവസംതോറും യശസ്സു വർദ്ധിച്ചു വരുന്നു
iv) ദിനം പ്രതി ഓരോ ദിവസവും യശസ്സു വർദ്ധിച്ചു വരുന്നു
a. വാക്യം (iii) & (iv)
b. വാക്യം (iv)
c. വാക്യം (i) & (iii)
d. വാക്യം (i) & (ii)

5. 'ഗ്രഹിക്കാൻ പ്രയാസമായത്' എന്നതിന്റെ ഒറ്റപ്പദം ഏതാണ് ?
a. സുഗ്രാഹ്യം
b. ദുർഗ്രഹം
c. ദുർഗതി
d. ദുർഗൃഹം

6. 'ദീപാളി കുളിക്കുക' എന്ന പ്രയോഗം അർത്ഥമാക്കുന്നതെന്ത് ?
a. ആവശ്യത്തിനു മാത്രം ചെലവാക്കുക
b. ദീപാവലിക്ക് കുളിക്കുക
c. വിളക്ക് കൊളുത്തിവയ്ക്കുക
d. ആവശ്യമില്ലാതെ ചെലവഴിക്കുക

7. ചുവടെ കൊടുത്തിരിക്കുന്നതിൽ സ്ത്രീലിംഗപദം ഏത് ?
a. വിദുഷി
b. സന്ന്യാസി
c. കുടുംബി
d. ധനി

8. പുരോഗതി എന്നതിന്റെ വിപരീതപദം എന്ത് ?
a. അധമഗതി
b. അധോഗതി
c. പശ്ചിമഗതി
d. പശ്ചാത്ഗതി

9. ബഹുവചന ശബ്ദം അല്ലാത്തത് തെരഞ്ഞെടുക്കുക :
a. അദ്ധ്യാപകർ
b. ഗുരുക്കൾ
c. മിടുക്കർ
d. പൂക്കൾ

10. 'അമ്മാതിരി' എന്ന പദം പിരിച്ചെഴുതുന്നതെങ്ങനെ?
a. അമ്മ + മാതിരി
b. അ + മാതിരി
c. ആ + മ്മാതിരി
d. അമ്മ + തിരി

11. 'Eye for an Eye' എന്ന ഇംഗ്ലീഷ് ശൈലിയുടെ മലയാള രൂപം തെരഞ്ഞെടുക്കുക :
a. ഉരുളയ്ക്കുപ്പേരി
b. കണ്ണിന്റെ കാഴ്ച
c. ദുഃഖസത്യം
d. കണ്ടതും കേട്ടതും

12. സ്ഫുടതാരകൾ കൂരിരുട്ടിലു-
ണ്ടിടയിൽ ദ്വീപുകളുണ്ടു സിന്ധുവിൽ
ഇടർ തീർപ്പതിനേക ഹേതു വ-
ന്നിടയാമേതുമഹാവിപത്തിലും
– ഈ വരികളിൽ 'ദുഃഖം' എന്ന് അർത്ഥം വരുന്ന ഏതാണ് ?
a. സ്ഫുടതാരകൾ
b. ഇടർ
c. ഇടയാം
d. സിന്ധു

13. 'വടി കൊണ്ട് അടിച്ചു' – ഇവിടെ 'കൊണ്ട്'

എന്ന ശബ്ദം ഏത് പദവിഭാഗത്തിൽപ്പെടുന്നു?
a. വ്യാക്ഷേപകം
b. ഘടകം
c. ഗതി
d. തദ്ധിതം

14. 'തണ്ടാർ' എന്ന പദം പിരിച്ചെഴുതുന്നതെങ്ങനെ?
a. ത + ണ്ടാർ
b. തണ്ട + ആർ
c. ത + ആർ
d. തൺ + താർ

15. 'സംശയമില്ലാത്തത്' എന്ന് അർത്ഥം വരുന്ന ശരിയായ പദം ഏതാണ് ?
a. അസന്ദിഗ്ദ്ധം
b. അസന്നിഗ്ദ്ധം
c. അസന്തിഗ്ദ്ധം
d. അസന്ധിഗ്ദ്ധം

16. 'ചക്കപ്പഴം' എന്ന വാക്ക് പിരിച്ചെഴുതി സന്ധി ചെയ്യുമ്പോൾ പുതുതായി വരുന്ന വർണ്ണം ഏതാണ് ?
a. 'അ' കാരം
b. 'ക' കാരം
c. 'പ' കാരം
d. ഇതൊന്നുമല്ല

17. 'കാൽനഖേന്ദു മരീചികൾ' ഈ സമസ്തപദത്തിന്റെ വിപുലീകരിച്ച രൂപം എന്ത് ?
a. കാലും നഖവും ഇന്ദുവും മരീചികയും
b. കാൽനഖങ്ങളാകുന്ന ഇന്ദുവിൽനിന്നു വരുന്ന മരീചികൾ
c. കാൽനഖമാകുന്ന ഇന്ദുവും മരീചികയും
d. ഇന്ദുവാകുന്ന കാലും മരീചികയാകുന്ന നഖവും

18. ചുവടെ കൊടുത്തിരിക്കുന്നതിൽ ഉദ്ദേശിക വിഭക്തി പ്രത്യയം ചേർന്ന ശബ്ദം ഏത് ?
a. രമയ്ക്ക്
b. രമയെ
c. രമയാൽ
d. രമയുടെ

19. ചുവടെ കൊടുത്തിരിക്കുന്ന വാക്യങ്ങളിൽ നാമവിശേഷണം ചേർന്ന വാക്യം ഏതാണ്?
i) സ്വർണ്ണകമ്മൽ അണിഞ്ഞു
ii) സ്വർണ്ണക്കമ്മൽ അണിഞ്ഞു
a. വാക്യം (i)
b. വാക്യം (ii)
c. വാക്യം (i) & (ii)
d. ഇതൊന്നുമല്ല

20. 'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെകൊതികിന്നു കൗതുകം'
ഈ ചൊല്ലിൽ തെളിയുന്ന ആശയമെന്ത് ?
a. ചോരയിൽ ജീവിക്കാൻ ഇഷ്ടപ്പെടുന്നവർ
b. പരോപകാരമില്ലാത്തവർ
c. നന്മയിലും തിന്മയെ മാത്രം കാണുന്നവർ
d. നല്ലതുമാത്രം ഉൾക്കൊള്ളുന്നവർ

## QP SET - 1 ഉത്തരങ്ങൾ

1. B സമ്രാട്ട് = ചക്രവർത്തി
   - രാട്ട് = രാജാവ് (ശോഭിക്കുന്നവൻ എന്നർത്ഥം)
   - സമ്രാജ്ഞി (സ്ത്രീലിംഗം)
2. D കർണികാരം = കർണ്ണികാരം
   - നവമാലിക = നവമല്ലിക
   - നീലോൽപലം = കരിങ്കൂവളപ്പൂവ്
   - അരവിന്ദം = താമര
   - കർണ്ണികാരപ്രിയൻ = ശിവൻ
   - കർണ്ണികി = ആന
3. B ആഹാരാദികൾ
4. C വാക്യം (i) & (iii)
   - 'പ്രതി' എന്ന വാക്ക് 'തോറും' എന്ന അർത്ഥം കൊടുക്കുണ്ട്. അതിനാൽ എന്നുമെന്നും, ഓരോ ദിവസവും എന്നീ പ്രയോഗങ്ങൾ വേണ്ട.
5. B ദുർഗ്രഹം
6. D ആവശ്യമില്ലാതെ ചെലവഴിക്കുക
7. A വിദുഷി
   - സന്ന്യാസി - സന്ന്യാസിനി
   - കുടുംബി - കുടുംബിനി
   - ധന്വി (വില്ലാളി) - ധന്വിനി
8. D പശ്ചാത്ഗതി
9. B ഗുരുക്കൾ
   - ബാക്കിയെല്ലാം ഒന്നിൽകൂടുതൽ ഉണ്ട്.
   - ഉരുളപ്പലിശ - പലിശയ്ക്കു പലിശ
   - ഉരുളയ്ക്കുരുള ഉപസ്തരിക്ക -വാക്കിനു വാക്കു പറക
10. B അ + മാതിരി
    ഹ്രസ്വങ്ങളായ ചുട്ടെഴുത്തുകൾക്കു പരമായി വരുന്ന എല്ലാ വ്യഞ്ജനങ്ങളും ഇരട്ടിക്കും.



FRIENDLY PSC

അതിനാൽ 'അ' യ്ക്കുശേഷം വരുന്ന 'മ' ഇരട്ടിച്ച് 'അമ്മാതിരി' ആയി. പരമായി വരുന്നത് ശിഥിലാക്ഷരമാണെങ്കിൽ ചുട്ടെഴുത്ത് ദീർഘ മാക്കിയാലും മതി. അതിനാൽ 'ആമാതിരി'യും ശരിയാണ്.

11. A ഉരുളയ്ക്കുപ്പേരി
12. B ഇടർ = ദുഃഖം, തടസ്സം (ചിന്താവിഷ്ടയായ സീത - എൻ. കുമാരനാശാൻ)
13. C ഗതി (ദ്യോതകം എന്ന വ്യാകരണ ഭാഗത്ത് വരുന്നതാണ് ഗതി. നാമത്തോട് ചേർന്നു നിന്ന് വിഭക്ത്യർത്ഥത്തെ പരിഷ്കരിക്കുന്ന ദ്യോതകം ഗതി ഉദാ: ഉം തൊട്ട്, കൂടെ, കൊണ്ട് )
14. D തണ് + താർ
    - തണ്ടാർ = താമരപ്പൂവ്
15. A അസന്ദിഗ്ദ്ധം = സംശയമില്ലാത്ത
16. C 'പ' കാരം
    ചക്ക + പഴം = ചക്കപ്പഴം, ഇവിടെ 'പ' ഇരട്ടിച്ചു 'പ്പ' ആകുന്നു (ദ്വിത്വസന്ധി).
17. B കാൽനഖങ്ങളാകുന്ന ഇന്ദുവിൽനിന്നു വരുന്ന മരീചികൾ
18. A രമയ്ക്ക്
    (വിഭക്തി പഠിക്കുന്നതിനുള്ള കോഡ് ബുക്കിന്റെ അവസാനഭാഗം നോക്കുക.)
19. B വാക്യം (ii)
20. C നന്മയിലും തിന്മയെ മാത്രം കാണുന്നവർ

## QP SET : 2 — സിവിൽ എക്സൈസ് ഓഫീസർ/ (& വനിതാ) (+2 ലെവൽ മെയിൻ) തീയതി : 26.02.2022

21. 'ഇരുട്ടത്ത് കണ്ണ് കാണാൻ പ്രയാസമാണ്' എന്ന വാക്യത്തിന്റെ ശരിയായ രൂപം താഴെക്കൊടുക്കുന്നവയിൽ നിന്നും തിരഞ്ഞെടുക്കുക.
    i) കണ്ണുകാണാൻ ഇരുട്ടത്ത് പ്രയാസമാണ്.
    ii) ഇരുട്ടത്ത് കാണാൻ പ്രയാസമാണ്.
    iii) ഇരുട്ടത്ത് പ്രയാസമാണ് കണ്ണുകാണാൻ
    iv) പ്രയാസമാണ് ഇരുട്ടത്ത് കാണാൻ
    a. ഒന്ന്
    b. മൂന്ന്
    c. രണ്ട്
    d. നാല്

22. ശരിയായ പദം തിരഞ്ഞെടുക്കുക.
    i) സ്വച്ഛന്തം
    ii) സ്വച്ഛന്ദം
    iii) സ്വച്ചന്തം
    iv) സ്വച്ചന്ദം
    a. മൂന്ന്
    b. നാല്
    c. ഒന്ന്
    d. രണ്ട്

23. രക്തത്തിന്റെ പര്യായമല്ലാത്ത വാക്കുകളാണ്.
    i) രുധിരം
    ii) പിണം
    iii) ബധിരം
    iv) നിണം
    a. രണ്ടും നാലും
    b. ഒന്നും രണ്ടും
    c. രണ്ടും മൂന്നും
    d. ഒന്നും മൂന്നും

24. 'ഊട്ടിന് മുൻപും ചൂട്ടിനു പിറകും' എന്ന ശൈലി കൊണ്ട് അർത്ഥമാക്കുന്നത്.
    i) ഭക്ഷണത്തിന്റെ പ്രാധാന്യം.
    ii) ഭക്ഷണത്തോടുള്ള അത്യാർത്തി.
    iii) കാര്യം നോക്കി പെരുമാറുക.
    iv) സ്വാർത്ഥതയോടെയുള്ള പെരുമാറ്റം.
    a. ഒന്ന്
    b. നാല്
    c. മൂന്ന്
    d. രണ്ട്

25. തുലാം + ഇന്റെ ചേർത്തെഴുതിയാൽ
    i) തുലാമിന്റെ
    ii) തുലാത്തിന്റെ
    iii) തുലാതിന്റെ
    iv) തുലാമ്മിന്റെ
    a. ഒന്ന്
    b. മൂന്ന്
    c. രണ്ട്
    d. നാല്

26. അപരാധി എന്ന വാക്കിന്റെ സ്ത്രീലിംഗം.
    a. അപരാധിക
    b. അപരാധിണി
    c. അപരാധിനി
    d. അപരാധക

27. പൂജക ബഹുവചന രൂപം കണ്ടുപിടിക്കുക.
    a. വേടർ
    b. പണിക്കാർ

c. വൈദ്യർ
d. അദ്ധ്യാപകർ

28. 'മരക്കൊമ്പ്' പിരിച്ചെഴുതിയാൽ
a. മരം + കൊമ്പ്
b. മര + കൊമ്പ്
c. മര + ക്കൊമ്പ്
d. മരത്തിന്റെ + കൊമ്പ്

29. ശരത്, ചന്ദ്രൻ എന്നീ വാക്കുകൾ ഒറ്റപ്പദമാക്കിയാൽ
a. ശരത്ചന്ദ്രൻ
b. ശരശ്ചന്ദ്രൻ
c. ശരച്ചന്ദ്രൻ
d. ശരൽചന്ദ്രൻ

30. താഴെക്കൊടുത്തിരിക്കുന്നവയിൽ 'സ്വാതന്ത്ര്യം' എന്ന പദത്തിന്റെ വിപരീതം.
a. അസ്വാതന്ത്ര്യം
b. പാരതന്ത്രം
c. നിസ്വാതന്ത്ര്യം
d. പാരതന്ത്ര്യം

## QP SET - 2 ഉത്തരങ്ങൾ

21. C രണ്ട് (കണ്ണു കാണുക എന്ന പ്രയോഗം തെറ്റാണ്. കാണുന്നത് കണ്ണു കൊണ്ടാണ് അതിനാൽ കണ്ണ് എന്ന് എടുത്തു പറയണ്ട.)

22. D രണ്ട് (സ്വച്ഛന്ദം – ശരി)

23. C രണ്ടും മൂന്നും (രുധിരം, നിണം = രക്തം)
- ബധിരം = കേൾക്കാൻ കഴിയാത്ത
- പിണം = ശവം

24. C മൂന്ന് (കാര്യം നോക്കി പെരുമാറുക.)

25. C രണ്ട് (തുലാത്തിന്റെ)

26. D PSC Answer അപരാധക (എന്നാൽ ശരിയായ ഉത്തരം – അപരാധിനി)

27. C വൈദ്യർ
- വൈദ്യി (സ്ത്രീലിംഗം)
- ഏകവചന ശബ്ദങ്ങളിൽ ബഹുവചന പ്രത്യയങ്ങൾ ചേർന്നു പൂജക ബഹുവചനം രൂപപ്പെടുന്നു.
- വേടർ, പണിക്കാർ, അദ്ധ്യാപകർ ഇവ ഒന്നിൽ കൂടുതൽ ഉണ്ട്.

28. B മര + കൊമ്പ്.

29. A PSC Answer ശരത്ചന്ദ്രൻ (എന്നാൽ ശരിയായ ഉത്തരം – ശരച്ചന്ദ്രൻ
- (സ, 'ത' വർഗ്ഗം (ത, ഥ, ദ, ധ, ന) ഇവ 'ശ', 'ച' വർഗ്ഗം (ച, ഛ, ജ, ഝ,ഞ) ഇവയോടു ചേരുമ്പോൾ 'സ' → ശ ആകും, 'ത' വർഗ്ഗം → 'ച' വർഗ്ഗമാകും

30. D പാരതന്ത്ര്യം

## QP SET : 3 ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് Plus 2 Level (Main Exam) - ലീഗൽ മെട്രോളജി - തീയതി : 28.02.2022

31. 'കരി' എന്നർത്ഥമുള്ള പദം.
a. ഇംഗാലം
b. ഉപലം
c. സലിലം
d. അചലം

32. Herculean Task എന്നതിനോട് ചേർന്നു നിൽക്കുന്ന പ്രയോഗമേത് ?
a. ഹെർക്കുലീസിന്റെ പ്രയത്നം
b. ആവർത്തിച്ചുള്ള ശ്രമം
c. ഭഗീരഥ പ്രയത്നം
d. സുഗ്രീവാജ്ഞ

33. 'തഥൈവ' എന്ന പദം പിരിച്ചെഴുതുമ്പോൾ
a. തഥ + ഏവ
b. തഥ + ഇവ
c. തഥൈ + വ
d. തഥഃ + വ

34. പൂജകബഹുവചന പദജോഡി ഏത് ?
a. ഗുരുക്കന്മാർ – അദ്ധ്യാപകർ
b. അമ്മമാർ – ദമ്പതികൾ
c. കാരണവർ – വൈദ്യർ
d. സ്നേഹിതർ – ദുഃഖിതർ

35. 'എപ്പോഴും കൂടെ നടക്കുന്നയാൾ' – ഒറ്റപ്പദമേത് ?
a. ദിദൃക്ഷു
b. സന്തത സഹചാരി
c. വക്താവ്
d. പ്രതിനിധി

36. 'മാദ്ധ്യസ്ഥം പറയുക' എന്നർത്ഥം വരുന്ന ശൈലിയേത് ?
a. ഭരതവാക്യം
b. നാരദക്രിയ
c. ചർവ്വിത ചർവ്വണം
d. പഞ്ചായത്തു പറയുക

37. തെറ്റായ വാക്യങ്ങൾ ഏതൊക്കെ ?
i) ലക്ഷ്യപ്രാപ്തിയിലെത്തണമെങ്കിൽ കഠിന പരിശ്രമം ആവശ്യമാണ്.
ii) സഹനത്തിന്റെ പ്രാധാന്യത്തെപ്പറ്റി ഞാൻ വീണ്ടും ആവർത്തിക്കുകയാണ്.
iii) എല്ലാ സുഹൃത്തുക്കളെയും ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.
iv) ആജാനുബാഹുവും അരോഗദൃഢഗാത്രനുമാണയാൾ.
a. (i) & (ii)
b. (iii) & (iv)
c. (i) & (iv)
d. (ii) & (iii)

38. 'വൈമുഖ്യം' എന്ന പദത്തിന്റെ വിപരീതം ഏത് ?
a. അലസം
b. ആഭിമുഖ്യം
c. പ്രസാദം
d. ആർജ്ജവം

39. സ്ത്രീലിംഗ പ്രത്യയമേത് ?
i) അൻ
ii) അൾ
iii) ഇ
iv) ത്
a. (i) & (iv)
b. (i) & (iii)
c. (ii) & (iii)
d. (iv)

40. ശരിയായ പദമേത് ?
a. യാദൃശ്ചരികം
b. പതിവൃത
c. പെട്ടന്ന്
d. പാദസരം

## QP SET -3 ഉത്തരങ്ങൾ

31. A ഇംഗാലം
• ഉപലം = കല്ല്
• സലിലം = ജലം
• അചലം = മല, അചല (അചലങ്ങളോടു കൂടിയത്= ഭൂമി

32. C ഭഗീരഥ പ്രയത്നം
• ഭഗീരഥൻ, തന്റെ പിതാമഹന്മാരായ സഗരപുത്രന്മാർക്കു മോക്ഷം ലഭിക്കുവാനായി ആകാശഗംഗയെ ഭൂമിയിലും പിന്നീട് പാതാളത്തിലും എത്തിച്ചു. (ഭഗീരഥ പ്രയത്നത്തിനു കഠിനപരിശ്രമം എന്ന അർത്ഥം വന്നത് അങ്ങനെയാണ്.)

33. A PSC Answer തഥ + ഏവ
• (എന്നാൽ ശരിയായ ഉത്തരം - തഥാ + ഏവ = തഥൈവ)

34. C കാരണവർ - വൈദ്യർ

35. B സന്തത സഹചാരി

36. D പഞ്ചായത്തു പറയുക
•പഞ്ചായവിധി - മധ്യസ്ഥന്മാരുടെ തീർപ്പ്
• പഞ്ചായത്ത് - അഞ്ചുപേർ കൂടി കാര്യം വിസ്തരിക്കുന്ന കോടതി

37. A (i) & (ii) (തെറ്റ് - ലക്ഷ്യപ്രാപ്തിയിൽ എത്തുക, വീണ്ടും ആവർത്തിക്കുക)

38. B ആഭിമുഖ്യം

39. C (ii) & (iii) (അൾ, ഇ - സ്ത്രീലിംഗ പ്രത്യയങ്ങൾ)

40. D പാദസരം
ശരി - യാദൃച്ഛികം, പെട്ടെന്ന്, പതിവ്രത

FRIENDLY PSC

## QP SET : 4 — കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് : കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II, മലബാർ ദേവസ്വം ബോർഡ്

**തീയതി : 09.03.2022**

41. സൂക്ഷ്മം എന്ന വാക്കിന്റെ വിപരീതപദം ഏത്?
    a. അസൂക്ഷ്മം
    b. സുസൂക്ഷ്മം
    c. സ്ഥൂലം
    d. കൃശം

42. 'വായു'വിന്റെ പര്യായം അല്ലാത്തതേത്?
    a. പവനൻ
    b. മാരുതൻ
    c. സമീരൻ
    d. അനലൻ

43. ശരിയായ വാക്യമേത്?
    a. നാളെയോ അഥവാ മറ്റന്നാളോ എന്റെ ചേട്ടൻ വരും
    b. നാളെയോ അല്ലെങ്കിൽ മറ്റന്നാളോ എന്റെ ചേട്ടൻ വരും
    c. നാളെയോ മറ്റന്നാളോ എന്റെ ചേട്ടൻ വരും
    d. നാളെ, മറ്റന്നാൾ എന്റെ ചേട്ടൻ വരും

44. ഭേദകത്തിന് ഉദാഹരണമല്ലാത്തത്
    a. ഒരു
    b. പോകുന്നു
    c. പെറ്റമ്മ
    d. ഉറക്കെ

45. ക്രിയാനാമത്തിന്റെ ഉദാഹരണമേത്?
    a. ഉറക്കം
    b. വീട്
    c. സ്ത്രീ
    d. ആകാശം

46. നപുംസകലിംഗത്തിന് ഉദാഹരണമേത്?
    a. ആങ്ങള
    b. പശു
    c. തള്ള
    d. കള്ളം

47. സംബന്ധികാവിഭക്തിയ്ക്ക് ഉദാഹരണമല്ലാത്തത് :
    a. എന്റെ
    b. ബാലന്റെ
    c. സീതയുടെ
    d. പൂവിൽ

48. കർമ്മിണി പ്രയോഗത്തിന് ഉദാഹരണമേത്?
    a. ജനങ്ങൾ സിനിമ കണ്ടു
    b. കാളിദാസനാൽ ശാകുന്തളം രചിക്കപ്പെട്ടു
    c. എനിക്ക് ദാഹിക്കുന്നു
    d. ബാബു വീട് വയ്ക്കും

49. ആദേശസന്ധിയുടെ ഉദാഹരണമല്ലാത്തത്:
    a. വിണ്ടലം
    b. എണ്ണൂർ
    c. തിരുവോണം
    d. വിറ്റു

50. 'Controversial figure' - സമാന മലയാള പദമേത്?
    a. വിവാദപുരുഷൻ
    b. സമാധാനകാംഷി
    c. ഇടനിലക്കാരൻ
    d. ചതിയൻ

## QP SET : 4 ഉത്തരങ്ങൾ

41. C സ്ഥൂലം = തടിച്ചത്
42. D അനലൻ = അഗ്നി
43. C നാളെയോ മറ്റന്നാളോ എന്റെ ചേട്ടൻ വരും
    • (അഥവാ / അല്ലെങ്കിൽ എന്ന അർത്ഥം നാളയോ എന്ന പ്രയോഗം കൊടുക്കുന്നുണ്ട്)
44. B പോകുന്നു (ക്രിയയാണ്)
45. A ഉറക്കം (ഉറങ്ങുക എന്ന ക്രിയയുടെ നാമം)
46. D കള്ളം
    • തനിനാമം =സർവ്വനാമം അല്ലാത്ത നാമം
    • തനിനാമത്തിൽ പുല്ലിംഗത്തിന് 'അൻ'എന്നും സ്ത്രീലിംഗത്തിന് 'ഇ' എന്നും നപുംസകത്തിന് 'അം' എന്നും പ്രത്യയം വരും.
    ഉദാ : പും - കേമൻ, കള്ളൻ
    സ്ത്രീ - കേമി, കള്ളി
    നപും - കേമം, കള്ളം
    • സർവ്വനാമങ്ങളിൽ പുല്ലിംഗത്തിന് 'അൻ' എന്നും സ്ത്രീലിംഗത്തിന് 'അൾ' എന്നും നപുംസകത്തിന് 'ത്' എന്നും പ്രത്യയം വരും.
    ഉദാ : പും - അവൻ
    സ്ത്രീ - അവൾ
    നപും - അത്
47. D പൂവിൽ (സംബന്ധികാവിഭക്തി പ്രത്യയം - ഉടെ, ന്റെ)
48. B കാളിദാസനാൽ ശാകുന്തളം രചിക്കപ്പെട്ടു
    • (കർമ്മത്തിനു പ്രാധാന്യമുള്ള രീതിയിൽ വാക്യം പ്രയോഗിക്കുന്നതാണ് കർമ്മണി പ്രയോഗം. ഇവിടെ കർമ്മമായ ശാകുന്തളത്തിനാണ് പ്രാധാന്യം. കർത്താവിനൊപ്പം പ്രയോജികാ വിഭക്തി 'ആൽ' ചേർന്നു വരുന്നു)
49. C തിരുവോണം (ആഗമസന്ധി - 'വ്' ആഗമിക്കുന്നു)
50. A വിവാദപുരുഷൻ

## QP SET : 5 — ഫയർമാൻ (Trainee) / ഫയർവുമൺ (Trainee) - FIRE AND RESCUE SERVICE തീയതി : 13.03.2022

51. 'പ്രസാധകൻ' എന്ന പദത്തിന്റെ എതിർലിംഗമേത് ?
   a. പ്രസാധക
   b. പ്രസാധിക
   c. പ്രാസാധക
   d. പ്രസീധിക

52. 'പ്രയതി' - സമാനപദമേത് ?
   a. പ്രേരണ
   b. ദാനം
   c. ആനന്ദം
   d. കഴിവ്

53. ശരിയായ പദം കണ്ടെത്തുക.
   a. അനാരതം
   b. അനരദം
   c. അനാരഥം
   d. അനാരധം

54. 'ഗതാനുഗതികന്യായം' എന്ന ശൈലി കൊണ്ടുദ്ദേശിക്കുന്നത്.
   a. ദു:ഖം അഭിനയിക്കുക
   b. ഒരു ഗതിയുമില്ലാതായിത്തീരുക
   c. ദോഷം ഗുണമായിത്തീരുക
   d. അനുകരണ ശീലം

55. ശരിയായ വാക്യം എഴുതുക.
   a. അനുവാചക ഹൃദയത്തിന് ആനന്ദം ലഭിക്കുന്നത് കവിതകളുടെ ഇത്തരം വായനയിലൂടെയാണ്
   b. അനുവാചക ഹൃദയത്തിന് ആനന്ദം ലഭിയ്ക്കുന്നത് ഇത്തരം കവിതകളുടെ വായനയിലൂടെയാണ്
   c. അനുവാചക ഹൃദയത്തിന് ഇത്തരം ആനന്ദം ലഭിക്കുന്നത് കവിതകളുടെ വായനയിലൂടെയാണ്
   d. കവിതകളുടെ വായനയിലൂടെയാണ് ഇത്തരം അനുവാചക ഹൃദയത്തിന് ആനന്ദം ലഭിക്കുന്നത്

56. 'പ്രതിഷ്ഠിക്കുന്നവൻ' എന്ന വാക്കിന്റെ ഒറ്റപ്പദമേത് ?
   a. പ്രതിഷ്ഠിതൻ
   b. പ്രതിഷ്ഠോത്സുകൻ
   c. പ്രതിഷ്ഠാപകൻ
   d. പ്രതിഷ്ഠാർത്ഥി

57. 'തിക്തം' - വിപരീതപദമേത് ?
   a. നന്മ
   b. സുഖം
   c. ദോഷം
   d. മധുരം

58. 'ജനനിബിഡം' - വിഗ്രഹിക്കുക.
   a. ജനങ്ങളാൽ നിബിഡമായത്
   b. ജനങ്ങളുടെ നിബിഡം
   c. ജനങ്ങളിൽ നിബിഡമായത്
   d. ജനത്തിന്റെ നിബിഡം

59. തജ്ജീവിതം - പിരിച്ചെഴുതുക.
   a. ത + ജീവിതം
   b. തത് + ജീവിതം
   c. തജ് + ജീവിതം
   d. തജ്ജ് + വിതം

60. 'ധന്വം' - പര്യായപദമേത് ?
   a. ശബ്ദം
   b. മനസ്സ്
   c. മരുഭൂമി
   d. മേഘം

## QP SET- 5 ഉത്തരങ്ങൾ

51. B പ്രസാധിക
   - പ്രസാധക - സാധിക്കുന്ന

52. B ദാനം
   - പ്രയതനം - പ്രയത്നം
   - പ്രയതി -ദാനം, കാഴ്ച, യത്നം, ഉദ്ദേശം

53. A അനാരതം = എപ്പോഴും, തുടർച്ചയായി

54. D അനുകരണശീലം

55. B അനുവാചക ഹൃദയത്തിന് ആനന്ദം ലഭിയ്ക്കുന്നത് ഇത്തരം കവിതകളുടെ വായനയിലൂടെയാണ്

56. C പ്രതിഷ്ഠാപകൻ = പ്രതിഷ്ഠിക്കുന്നവൻ

57. D മധുരം

58. A ജനങ്ങളാൽ നിബിഡമായത്

59. B തത് +ജീവിതം

60. C മരുഭൂമി (ധന്വം= മരുഭൂമി, വില്ല്)
   - ധന്വി = വില്ലാളി
   - ധന്വി (പുല്ലിംഗം) - ധന്വിനി (സ്ത്രീ ലിംഗം)